**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2305** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഖര-ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഖര-ജൈവ-അജൈവ മാലിന്യങ്ങൾ, ശുചിമുറി മാലിന്യങ്ങൾ, ഹോട്ടലുകൾ ഉൾപ്പെടെയുള്ള വ്യാപാര സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ എന്നിവയുടെ ശാസ്ത്രീയ സംസ്കരണത്തിന് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചോ അല്ലെങ്കിൽ ഏതാനും പഞ്ചായത്തുകൾ കൂടിച്ചേരുന്ന ഒരു പ്രത്യേക യൂണിറ്റ് എന്ന രീതിയിലോ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022 ഉത്തരവ് പ്രകാരം ത്രിതല പഞ്ചായത്തുകൾക്കുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ, ഒന്നിലേറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾക്കും സംയുക്ത മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, അജൈവ മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങൾ എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിത കർമ്മ സേന മുഖേന വീടുകളിൽ നിന്നും വ്യാപാര-വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ഖര-അജൈവ മാലിന്യങ്ങൾ ശേഖരിച്ച് അവ തരം തിരിച്ച് എം.സി.എഫ്.കളിലേക്കും ബ്ലോക്ക് തല ആർ.ആർ.എഫ്.കളിലേക്കും മാറ്റി അവിടെനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെട്ടിരിക്കുന്ന ക്ലീൻ കേരള കമ്പിനിക്കോ മറ്റ് അംഗീകൃത സ്വകാര്യ ഏജൻസിക്കോ കൈമാറുന്നു. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും നൽകിയിട്ടുണ്ട്. ശുചിമുറി മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകളുടെ ക്ലാസ്റ്ററുകൾ രൂപീകരിച്ച് എസ്.റ്റി.പി./ എഫ്.എസ്.റ്റി.പി.കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ജൈവ മാലിന്യ സംസ്കരണത്തിനായി മുച്ചട്ടി കമ്പോസ്റ്റ് യൂണിറ്റ്, മൺകല കമ്പോസ്റ്റ് യൂണിറ്റ്, റിംഗ് കമ്പോസ്റ്റ് യൂണിറ്റ്, മികസ്ഡ് കൾച്ചർ |

| | | | |
|---|---|---|---|
| | | | ഫെഡ്ബാച്ച് ടൈപ്പ് ബയോഗ്യാസ് പ്ലാന്റ്, ബയോ കമ്പോസ്റ്റർ ബിൻ, കിച്ചൺ ബിൻ, ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റ് യൂണിറ്റ് എന്നിവ വിതരണം ചെയ്യൽ എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കോഴി മാലിന്യം സംസ്കരിക്കുന്നതിനായി ഭൂരിഭാഗം ജില്ലകളിലും റെന്ററിംഗ് പ്ലാന്റുകൾ സ്ഥാപിക്കുകയും മറ്റ് ജില്ലകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ